II ഇ.ബി. XV- കേരള നിയമസഭ/III-1

# പതിനഞ്ചാം കേരള നിയമസഭ

മൂന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ-സംഗ്രഹം

2021 ഒക്ടോബർ 4, തിങ്കൾ

പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനം 2021 ഒക്ടോബർ 4-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പറിനെ സൂചിപ്പിക്കുന്നു.)

1 (*1 &*14) <u>പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്താൻ നടപടി</u>

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ പൊതുവിതരണം ശക്തിപ്പെടുത്തുന്നതിനായി വാതിൽപ്പടി വിതരണം, ഇ-പോസ് മെഷീനുകൾ, നിരീക്ഷണ സംവിധാനം, മൊബൈൽ ആപ്പ് എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു.

താലൂക്ക് സപ്ലൈ ഓഫീസുകളിൽ ലഭിക്കുന്ന പരാതികൾ സമയബന്ധിതമായി തീർപ്പാക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. 'വാതിൽപ്പടി വിതരണം' നടത്തുന്ന വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കുന്നതിനും എല്ലാ ഗോഡൗണുകളിലും സി.സി.ടി.വി. സ്ഥാപിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് അനുവദിച്ചിരിക്കുന്ന മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താവുന്നവരുടെ പരിധി **15480040** ആണെന്നും മുൻഗണനാ പരിധി വർദ്ധിപ്പിച്ചു നൽകുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ടെന്നും മുൻഗണനാ വിഭാഗങ്ങളായ എ.എ.വൈ, പി.എച്ച്.എച്ച്. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള കേന്ദ്ര-സംസ്ഥാന മാനദണ്ഡങ്ങൾ പ്രകാരമുള്ള പരിശോധനകൾ നടത്തി ആർ.സി.എം.എസ്. ഡാറ്റാ മാപ്പിംഗ് നടത്തി അനർഹരെ കണ്ടെത്തി ഒഴിവാക്കിവരുന്നുണ്ടെന്നും 'Give-UP' പദ്ധതി പ്രകാരമുള്ള കാർഡുകൾ മുൻഗണനേതര വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നുണ്ടെന്നും 2021 ജൂലൈ 31 വരെ 12596 എ.എ.വൈ. കാർഡുകളും 119866 പി.എച്ച്.എച്ച്. കാർഡുകളും തരംമാറ്റി നൽകിയിട്ടുണ്ടെന്നും നാളിതുവരെ 6.67 ലക്ഷം അനർഹരായ മുൻഗണനാ

റേഷൻ കാർഡുകൾ പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഗുരുതരമായ ശാരീരിക മാനസിക പ്രശ്നമുള്ള അംഗങ്ങൾ ഉൾപ്പെട്ട കുടുംബങ്ങളെ പ്രത്യേക പരിഗണന നൽകി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. റേഷനിംഗ് ഇൻസ്പെക്ടർമാർ പ്രതിവാരം 10 കാർഡുകളെങ്കിലും പരിശോധിച്ച് കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും വീഴ്ച വരുത്തുന്നവരുടെ പേരിൽ കർശന നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. 'സഞ്ചരിക്കുന്ന റേഷൻകട' പദ്ധതി തിരുവനന്തപുരം, പത്തനംതിട്ട ജില്ലകളിൽ നടപ്പിലാക്കുകയും " വിശപ്പുരഹിത കേരളം" പദ്ധതിയുടെ ഭാഗമായി സുഭിക്ഷ ഹോട്ടൽ തിരുവനന്തപുരത്തുകൂടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ സത്യപ്രസ്താവന പരിഗണിച്ച് അപേക്ഷകന്റെയും കാർഡിൽ ഉൾപ്പെടുന്ന അംഗങ്ങളുടെയും ആധാർ കാർഡ് പരിശോധിച്ച് മറ്റൊരു റേഷൻ കാർഡിലും ഉൾപ്പെട്ടിട്ടില്ലെന്ന് ഉറപ്പുവരുത്തി വാടകയ്ക്ക് താമസിക്കുന്നവർക്കും വീടില്ലാതെ തെരുവോരങ്ങളിൽ താമസിക്കുന്നവർക്കും റേഷൻ കാർഡ് അനുവദിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും താലൂക്ക് സപ്ലൈ ഓഫീസുകളിൽ ലഭിക്കുന്ന

അപേക്ഷകൾക്ക് കൈപ്പറ്റ് രസീത് നൽകുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മുൻഗണനാ കാർഡുകൾക്ക് അപേക്ഷിക്കുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതാണെന്നും ഒക്ടോബർ 15-നുശേഷം മുൻഗണനാ കാർഡ് കൈവശം വയ്ക്കുന്ന അനർഹർക്ക് നിയമാനുസൃതമായ പിഴയും ശിക്ഷയും നൽകുന്നതാണെന്നും നാണ്യവിളകളിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

2 (*2 &*18) <u>സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയാൻ നടപടി</u>

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, പൊതുസമൂഹത്തിൽ സ്ത്രീകൾക്ക് തുല്യനീതിയും ലിംഗസമത്വവും സുരക്ഷിതത്വവും ഉറപ്പാക്കുന്നതിനായി Gender Awareness Programme ഉൾപ്പെടെയുള്ള വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നുണ്ടെന്നും സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിനും അതിക്രമങ്ങൾ തടയുന്നതിനും സ്ത്രീ ശാക്തീകരണത്തിനുമായി പിങ്ക് പോലീസ്, നിഴൽ, അപരാജിത എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ഗാർഹികപീഡനങ്ങൾ

തടയുന്നതിനും കുടുംബങ്ങളിൽ ജനാധിപത്യപരമായ നീതി ഉറപ്പുവരുത്തുന്നതിനുമായി എല്ലാ പോലീസ് ജില്ലകളിലും Domestic Conflict Resolution Centres (DCRC) സ്ഥാപിച്ചിട്ടുണ്ട്. കുട്ടികൾക്കുണ്ടാകുന്ന മാനസിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 'CHIRI' പദ്ധതിയും പ്രായമായവരുടെ കൗൺസിലിംഗിനായി 'പ്രശാന്തി സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക് ' എന്നിവയും ആവിഷ്കരിച്ചിട്ടുണ്ട്. സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾ പരമാവധി കുറയ്ക്കുന്നതിന് ക്രൈം മാപ്പിംഗിന്റെ അടിസ്ഥാനത്തിൽ ജനകീയ ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതും അനുസംബന്ധിച്ച പരാതികൾ കൈകാര്യം ചെയ്യുന്നതിനായി സംസ്ഥാനതല നോഡൽ ഓഫീസറായി പത്തനംതിട്ട ജില്ലാ പോലീസ് മേധാവി ശ്രീമതി ആർ. നിശാന്തിനി ഐ.പി.എസ്.-നെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ലൈംഗികാതിക്രമങ്ങൾക്കും ഗാർഹികപീഡനങ്ങൾക്കും വിധേയരാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സംരക്ഷണം നൽകുന്നതിന് 'നിർഭയ', കാതോർത്ത്, രക്ഷാദൂത് തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. സ്ത്രീകളുടെ പരാതികൾ കേൾക്കുന്നതിനായി '181 മിത്ര ഹെൽപ്പ് ലൈൻ', അതിക്രമത്തിന് ഇരയായ സ്ത്രീകൾക്ക് പെട്ടെന്ന് അഭയം തേടാൻ 'വൺസ്റ്റോപ്

സെന്ററുകൾ' എന്നിവയും അസമയത്ത് വഴിയിൽ ഒറ്റപ്പെട്ടുപോകുന്ന വനിതകൾക്ക് 'കമാന്റ് സെന്ററി'ൽ നിന്നുള്ള സേവനവും ലഭ്യമാണ്. സ്ത്രീ സുരക്ഷയ്ക്കും സ്ത്രീകൾക്കെതിരെയുള്ള സൈബർ ആക്രമണങ്ങൾക്കുമെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും പെൺകുട്ടികൾക്കും യുവതികൾക്കും സ്വയം പ്രതിരോധ പരിശീലനം നൽകുന്ന നടപടി ശക്തിപ്പെടുത്തുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.